## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1737** **08-02-2023 - ൽ മറുപടിയ്ക്ക്**

## കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിര അദ്ധ്യാപക നിയമനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരള സർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിൽ ബയോടെക്നോളജി വിഭാഗം ആരംഭിച്ചത് എന്നാണെന്നും പ്രസ്തുത വിഭാഗത്തിൽ നാളിതുവരെ എത്ര സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | 1995 ലാണ് ബയോടെക്നോളജി വിഭാഗം ആരംഭിച്ചത്. ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒരു അസ്സോസിയേറ്റ് പ്രൊഫസർ എന്നിങ്ങനെ രണ്ട് സ്ഥിരം അംഗീകൃത തസ്തികകളാണ് ബയോടെക്നോളജി വിഭാഗത്തിൽ ഉള്ളത്. നാളിതുവരെ രണ്ട് സ്ഥിരം അദ്ധ്യാപകരെയാണ് നിയമിച്ചിട്ടുള്ളത്. |
| (ബി) | കാര്യവട്ടം ക്യാമ്പസിലെ ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിരം അദ്ധ്യാപകരെ നിയമിച്ചിട്ടില്ലാത്തതിനാൽ വകുപ്പ് മേധാവിയായി മറ്റ് വിഭാഗങ്ങളിൽ നിന്നുള്ള അദ്ധ്യാപകരെ നിയോഗിക്കേണ്ടി വരുന്നുണ്ടോ;എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (ബി) | വകുപ്പ് മേധാവിയായി മറ്റ് വിഭാഗത്തിൽ നിന്നുള്ള അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഇക്കാര്യം ഗൗരവമായി കണ്ടുകൊണ്ട് സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ സർവകലാശാലാ തലത്തിൽ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ക്യാമ്പസിലെ ബയോടെക്നോളജി വിഭാഗത്തിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (സി) | ബയോടെക്നോളജി വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് പ്രൊഫസർ, ഒരു അസ്സോസിയേറ്റ് പ്രൊഫസർ എന്നിങ്ങനെ രണ്ട് സ്ഥിരം അംഗീകൃത തസ്തികകളാണ് ഉള്ളത്. അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ വിജ്ഞാനപനവുമായി ബന്ധപ്പെട്ട് WP(C)No. 3464/2017 - ൽ മേലുള്ള 21.08.2020 - ലെ കോടതിവിധിയിന്മേൽ സർവകലാശാല Review Petition No.220/2021 ഫയൽ ചെയ്തിരുന്നു. അതിന്മേൽ 14.03.2022 - ൽ ഹിയറിങ് നടന്നിരുന്നെങ്കിലും, അന്തിമ തീരുമാനം വന്നതിനുശേഷം മാത്രമേ ടി തസ്തികയിലേക്കുള്ള നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു. അസിസ്റ്റന്റ് പ്രൊഫസറുടെ ഒരൊഴിവ് 01.05.2021 ലാണ് നിലവിൽ വന്നത്. 2017 വരെയുള്ള ഒഴിവുകൾ കണക്കാക്കി സർവകലാശാല നിയമന നടപടികൾ പൂർത്തീകരിച്ചത് 2021 ജനുവരിയിലാണ്. 2017 നു ശേഷമുള്ള ഒഴിവുകൾ കണക്കാക്കി പുതിയ |

| | | | |
|---|---|---|---|
| | | | വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികളുമായി സർവകലാശാല മുന്നോട്ട് പോകുന്നു. |

സെക്ഷൻ ഓഫീസർ